LIBRARY ARCHIVES Kerala Legislative Assembly

അമിത പലിശ ഈടാക്കൽ

242(5401) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്ക് അമിതപലിശ ഈടാക്കുന്നതായുള്ള ആക്ഷേപം ഗൗരവമായി കണ്ട് പരിഹാരനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

വാണിജ്യ ബാങ്കുകളുടെ പലിശ നിരക്കുമായി താരതമ്യം ചെയ്താൽ സംസ്ഥാന സഹകരണ ബാങ്കിന്റെ വായ്പാ പലിശ നിരക്ക് ഉയർന്നതാണ്. ബാങ്കിലെ നിക്ഷേപത്തിന്റെ കോസ്റ്റ് ഓഫ് ഫണ്ടിന് അനുസരിച്ചാണ് പലിശ നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. വാണിജ്യ ബാങ്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കേരള ബാങ്കിന്റെ കോസ്റ്റ് ഓഫ് ഫണ്ട് കൂടുതലാണ്. ആയതിനാലാണ് പലിശനിരക്ക് ഉയർന്നുവരുന്നത്. കോസ്റ്റ് ഓഫ് ഫണ്ട് കുറയുന്നതനുസരിച്ച് വായ്പാ പലിശനിരക്ക് കുറയ്ക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. കുറഞ്ഞ പലിശ നിരക്കിലുള്ള നിരവധി വായ്പാ പദ്ധതികൾ ബാങ്ക് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ നടന്നു വരുന്നു.

കേരള ബാങ്കിൽ കോർ ബാങ്കിംഗ് സംവിധാനം

243(5402) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ ലയിച്ച പതിമൂന്ന് ജില്ലാ സഹകരണ ബാങ്കുകളെയും കോർ ബാങ്കിംഗ് സംവിധാനത്തിലൂടെ ഒരു പൊതു പ്ലാറ്റ്ഫോമിൽ കൊണ്ടുവരുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

വ്യത്യസ്ത കോർ ബാങ്കിംഗ് സൊല്യൂഷനുകളിൽ പ്രവർത്തിക്കുന്ന കേരള ബാങ്കിന്റെ ഓഫീസുകളെ ഒരു ഏകീകൃത കോർ ബാങ്കിംഗ് സംവിധാനത്തിൽ കൊണ്ടുവരുന്നതിന് സർവ്വീസ് പ്രൊവൈഡറെ തെരഞ്ഞെടുക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) ഇല്ലെങ്കിൽ അടിയന്തരമായി കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

വ്യത്യസ്ത കോർ ബാങ്കിംഗ് സൊല്യൂഷനുകളിൽ പ്രവർത്തിക്കുന്ന കേരള ബാങ്കിന്റെ ഓഫീസുകളെ ഒരു ഏകീകൃത കോർ ബാങ്കിംഗ് സംവിധാനത്തിൽ കൊണ്ടുവരുന്നതിന് സർവ്വീസ് പ്രൊവൈഡറെ തെരഞ്ഞെടുക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്.